**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കുടിവെള്ളപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തന്നെ തുടക്കം മുതൽ പ്രത്യേക ശ്രദ്ധ ചെലുത്തി, നൂതനസാങ്കേതിക വിദ്യകളുടെ സഹായത്തോടെ വിവിധ ഘടകങ്ങളുടെ ഡിസൈനും, Price software ൽ എസ്റ്റിമേറ്റും തയ്യാറാക്കി, ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ടെൻഡർ ചെയ്ത് വർക്ക് ഓർഡർ നൽകി പ്രവൃത്തി എത്രയും വേഗം ആരംഭിക്കാറുണ്ട്. ഭൂമി ഏറ്റെടുക്കൽ, പാട്ടത്തിനെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകൾക്ക് (പി.ഡബ്ല്യൂഡി. റോഡ്സ്, എൻ.എച്ച്., റെയിൽവേയ്സ്, കെ.എസ്.ഇ.ബി, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്) നല്കേണ്ടുന്ന ഫീസ്, ഫണ്ടുകൾ എന്നിവ യഥാസമയം അനുവദിച്ച് പദ്ധതി പ്രവൃത്തികൾക്ക് കാലതാമസം ഉണ്ടാകാതെ ശ്രദ്ധിക്കാറുണ്ട്. റോഡ് കട്ടിംങ് നടത്തി പൈപ്പിടലും മറ്റും നിർവ്വഹിക്കുന്ന വിഷയത്തിൽ യഥാസമയം അനുമതി കിട്ടുന്നതിനും, കാലതാമസം, തർക്കം എന്നിവ ഒഴിവാക്കുന്നതിനുമായി പൊതുമരാമത്ത് ജലവിഭവ വകുപ്പുകളുടെ സംയോജിത ഉദ്യോഗസ്ഥ കമ്മിറ്റി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജല വിതരണ പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പിന്റെ ROW (Right of Way) പോർട്ടൽ വഴി അപേക്ഷ നല്കി വേഗത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. e-pmg, സുഗമ എന്നീ പോർട്ടലുകളുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതി നിലവിലുണ്ട്. ഓൺലൈൻ സംവിധാനത്തിൽ കൂടി മേലുദ്യോഗസ്ഥർക്ക് |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ പുരോഗതികൾ മനസിലാക്കുന്നതിനായി PASK, PFMS തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ആഴ്ചതോറുമുള്ള പുരോഗതി വിലയിരുത്തുകയും തുടർന്ന് കീഴ് ഘടകങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി, തടസ്സങ്ങൾ, ടൈം ഷെഡ്യൂൾ എന്നിവ PASK സോഫ്‌വെയറിൽ രേഖപ്പെടുത്താറുണ്ട്. ഭരണാനുമതി നല്കുന്ന പദ്ധതികൾക്ക് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടാൽ ആ തടസ്സം വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായ ജില്ലാതല കോർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് തടസ്സം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. മറ്റു വകുപ്പുകളുടെ അനുമതി ആവശ്യമായ സന്ദർഭങ്ങളിൽ മന്ത്രിതലത്തിൽ യോഗം വിളിച്ച് ഏകോപനം നടത്താറുണ്ട്.<br>2024-ലോട്ടു കൂടി സംസ്ഥാനത്തെ ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ നല്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടുള്ള ജലജീവൻ മിഷൻ പദ്ധതികൾ എല്ലാ ആഴ്ചയിലും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്ത് പുരോഗതി വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.<br>ജലജീവൻ മിഷന്റെ നിർവ്വഹണ ഏജൻസികളിലൊന്നായ 'ജലനിധി' യുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും, അവലോകനയോഗത്തിലൂടെ പദ്ധതിയുടെ പുരോഗതി, നേരിടുന്ന പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എല്ലാം വിശദമായി ചർച്ച ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയാണ് പദ്ധതി മുന്നോട്ട് പോകുന്നത്. KRWSA മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ ദിവസേന മോണിറ്റർ ചെയ്യുന്നതിനു വേണ്ടി PMS ജലനിധി എന്ന സോഫ്റ്റ് വെയർ തയ്യാറാക്കുകയും ജലനിധി വെബ് സൈറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം പദ്ധതികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കുടിവെള്ളപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തന്നെ തുടക്കം മുതൽ പ്രത്യേക ശ്രദ്ധ ചെലുത്തി, നൂതനസാങ്കേതിക വിദ്യകളുടെ സഹായത്തോടെ വിവിധ ഘടകങ്ങളുടെ ഡിസൈനും, Price software ൽ എസ്റ്റിമേറ്റും തയ്യാറാക്കി, ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ടെൻഡർ ചെയ്ത് വർക്ക് ഓർഡർ നൽകി പ്രവൃത്തി എത്രയും വേഗം ആരംഭിക്കാറുണ്ട്. ഭൂമി ഏറ്റെടുക്കൽ, |

പാട്ടത്തിനെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകൾക്ക് (പി.ഡബ്ല്യൂഡി. റോഡ്സ്, എൻ.എച്ച്., റെയിൽവേയ്സ്, കെ.എസ്.ഇ.ബി, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്) നല്കേണ്ടുന്ന ഫീസ്, ഫണ്ടുകൾ എന്നിവ യഥാസമയം അനുവദിച്ച് പദ്ധതി പ്രവൃത്തികൾക്ക് കാലതാമസം ഉണ്ടാകാതെ ശ്രദ്ധിക്കാറുണ്ട്. റോഡ് കട്ടിംങ് നടത്തി പൈപ്പിടലും മറ്റും നിർവ്വഹിക്കുന്ന വിഷയത്തിൽ യഥാസമയം അനുമതി കിട്ടുന്നതിനും, കാലതാമസം, തർക്കം എന്നിവ ഒഴിവാക്കുന്നതിനുമായി പൊതുമരാമത്ത് ജലവിഭവ വകുപ്പുകളുടെ സംയോജിത ഉദ്യോഗസ്ഥ കമ്മിറ്റി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജല വിതരണ പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പിന്റെ ROW (Right of Way) പോർട്ടൽ വഴി അപേക്ഷ നല്കി വേഗത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. e-pmg, സുഗമ എന്നീ പോർട്ടലുകളുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതി നിലവിലുണ്ട്. ഓൺലൈൻ സംവിധാനത്തിൽ കൂടി മേലുദ്യോഗസ്ഥർക്ക് പ്രവൃത്തിയുടെ പുരോഗതികൾ മനസിലാക്കുന്നതിനായി PASK, PFMS തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ആഴ്ചതോറുമുള്ള പുരോഗതി വിലയിരുത്തുകയും തുടർന്ന് കീഴ് ഘടകങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി, തടസ്സങ്ങൾ, ടൈം ഷെഡ്യൂൾ എന്നിവ PASK സോഫ്‌വെയറിൽ രേഖപ്പെടുത്താറുണ്ട്. ഭരണാനുമതി നല്കുന്ന പദ്ധതികൾക്ക് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടാൽ ആ തടസ്സം വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായ ജില്ലാതല കോർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് തടസ്സം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. മറ്റു വകുപ്പുകളുടെ അനുമതി ആവശ്യമായ സന്ദർഭങ്ങളിൽ മന്ത്രിതലത്തിൽ യോഗം വിളിച്ച് ഏകോപനം നടത്താറുണ്ട്.

2024-ലോടു കൂടി സംസ്ഥാനത്തെ ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ നല്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടുള്ള ജലജീവൻ മിഷൻ പദ്ധതികൾ എല്ലാ

| | | | |
|---|---|---|---|
| | | | ആഴ്ചയിലും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്ത് പുരോഗതി വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.<br>ജലജീവൻ മിഷന്റെ നിർവ്വഹണ ഏജൻസികളിലൊന്നായ 'ജലനിധി' യുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും, അവലോകനയോഗത്തിലൂടെ പദ്ധതിയുടെ പുരോഗതി, നേരിടുന്ന പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എല്ലാം വിശദമായി ചർച്ച ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയാണ് പദ്ധതി മുന്നോട്ട് പോകുന്നത്. KRWSA മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ ദിവസേന മോണിറ്റർ ചെയ്യുന്നതിനു വേണ്ടി PMS ജലനിധി എന്ന സോഫ്റ്റ് വെയർ തയ്യാറാക്കുകയും ജലനിധി വെബ് സൈറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ